സർക്കാർ പദ്ധതികളുടെ പ്രചരണത്തിനായുള്ള പരസ്യം

89 (T1490) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സർക്കാർ പദ്ധതികളുടെ പ്രചരണത്തിനായി ആകെ എത്ര രൂകയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷവും എത്ര രൂകയുടെ പരസ്യം നൽകിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാരിന്റെ പത്രപ്രസിദ്ധീകരണം

90 (T1491) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്വന്തമായി പത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ദിനപത്രമായിട്ടാണോ പ്രതിവാര പത്രിക ആയാണോ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പത്രം ജനങ്ങൾക്ക് സൗജന്യമായി നൽകുവാനാണോ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഡി) സൗജന്യമായാണു നൽകുന്നതെങ്കിൽ കേരളത്തിലെ എല്ലാ കുടുംബങ്ങളിലും പത്രം എത്തിക്കുവാൻ ഏതു മാർഗ്ഗമാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഇ) എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി ലഭ്യമാക്കുവാൻ എത്ര കോപ്പി പ്രസിദ്ധീകരിക്കേണ്ടിവരും എന്ന് വ്യക്തമാക്കുമോ ;

(എഫ്) ദിനപത്രമാണെങ്കിൽ പ്രതിദിനം എത്ര രൂക ചെലവഴിക്കേണ്ടി വരുമെന്നും പ്രതിവാര പത്രികയാണെങ്കിൽ ആഴ്ചതോറും എത്ര രൂക ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടക്കത്തിൽ മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ പരീക്ഷണാടി സ്ഥാനത്തിലാണ് പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) അതെ.

(ഡി) ദിനപ്പത്രങ്ങളോടൊപ്പം വിതരണം ചെയ്ത് ഘട്ടംഘട്ടമായി സംസ്ഥാനത്തെ പരമാവധി കുടുംബങ്ങളിലും എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഇ) ഈ കണക്ക് തയ്യാറാക്കിയിട്ടില്ല.

(എഫ്) കണക്കാക്കിയിട്ടില്ല.

സർക്കാർ പരസ്യങ്ങൾക്ക് ചെലവഴിച്ച തുക

91 (T1492) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിമാരും അതത് വകുപ്പ് മുഖേന പരസ്യത്തിന് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പത്ര-ദൃശ്യമാധ്യമങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവയ്ക്കായി ചെലവഴിച്ച തുക ഇനംതിരിച്ച് വിശദമാക്കുമോ ;

(സി) പരസ്യത്തിനായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ&പി.ആർ. വകുപ്പ് മുഖേന പരസ്യം ചെയ്ത ഇനത്തിൽ വകുപ്പ് തിരിച്ചുള്ള കണക്ക് കൃത്യമായി ലഭ്യമല്ലാത്തതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly